പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5140** **28.10.2016**-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി

| ചോദ്യം<br>ശ്രീ. റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |
|---|---|
| കെ.എസ്.ആർ.ടി.സി.യുടെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത തരത്തിലുള്ള അന്തരമുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ ദൈനംദിന വരുമാനത്തിൽ നിന്ന് വായ്പകൾക്കുള്ള തിരിച്ചടവും ഡീസലിന്റെ ചെലവും മാത്രമേ നിർവ്വഹിക്കാൻ സാധിക്കുന്നുള്ളൂ. ചെലവുകൾ വരുമാനത്തെക്കാൾ അധികരിക്കുന്നതിനാലും പ്രതിദിന ടിക്കറ്റ് വരുമാനത്തിൽ കുറവുണ്ടായിക്കൊണ്ടിരിക്കുന്നതിനാലും പുതിയ വായ്പകൾ എടുക്കാതെ ശമ്പളം നൽകാനാവാത്ത സാഹചര്യം നിലവിലുണ്ട്. എന്നിരുന്നാലും കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുവാൻ സമഗ്രമായ ഒരു രക്ഷാപാക്കേജിന് സർക്കാർ രൂപം കൊടുത്തുവരുന്നുണ്ട്. രക്ഷാപാക്കേജ് നടപ്പിൽ വരുത്തി പുനരുദ്ധാരണം നടത്തിയാൽ കൃത്യ സമയത്ത് ശമ്പളം കൊടുക്കുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ